എം.ബേബി അനുസ്മരണ സമ്മേളനം

ആലക്കോട്: മലയോരത്തെ ആദ്യകാല സി.പി.എം നേതാവ് എം.ബേബി അനുസ്മരണ സമ്മേളനം ഒറ്റത്തൈയിൽ കെ.എം.ജോസഫ് ഉദ്ഘാടനം ചെയ്തു. പി.ആർ.നാരായണൻ നായർ അധ്യക്ഷത വഹിച്ചു. പി.വി. ബാബുരാജ്, കെ.പി.സാബു പ്രസംഗിച്ചു. കെ.ബി.ചന്ദ്രൻ സ്വാഗതം പറഞ്ഞു.

ഫാസിസത്തിനെതിരെ സാംസ്കാരിക കൂട്ടായ്മ നാളെ

കൂത്തുപറമ്പ: സാംസ്കാരിക കൂട്ടായ്മയുടെ ആഭിമുഖ്യത്തിൽ ഗൗരിലങ്കേഷ് വധത്തിൽ പ്രതിഷേധിച്ച് നാളെ വൈകുന്നേരം 4.30ന് പാതിരിയാട് പാല ബസാറിൽ കൂട്ടായ്മ സംഘടിപ്പിക്കും. മക്തബ് പത്രാധിപർ കെ.സുനിൽകുമാർ, അഡ്വ.കസ്തൂരി ദേവൻ, പ്രദീപ് പുതുക്കുടി സംസാരിക്കും.

ലോകവയോജനദിനം

തളിപ്പറമ്പ: കേരള സീനിയർ സിറ്റിസൺസ് ഫോറം ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ ലോകവയോജനദിനം വിപുലമായ പരിപാടികളോടെ ആചരിച്ചു. പട്ടപ്പാറ വയോജന വിശ്രമകേന്ദ്രത്തിൽ എം.ടി.ബാലകൃഷ്ണൻ മാസ്റ്ററുടെ അധ്യക്ഷതയിൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് ടി.ലത ഉദ്ഘാടനം ചെയ്തു. ജില്ലാ പ്രസിഡണ്ട് എം.പി.ഭട്ടതിരിപ്പാട് മുഖ്യപ്രഭാഷണം നടത്തി. ഒ.വി.ഗോപാലൻ മാസ്റ്റർ, കെ.വി. ശിവരാമൻ, പി.കുഞ്ഞിരാമൻ മാസ്റ്റർ പ്രസംഗിച്ചു. ജില്ലാ സെക്രട്ടറി അഗസ്ത്യൻ കുളത്തൂർ സ്വാഗതവും എ.വി.മോഹനൻ നന്ദിയും പറഞ്ഞു.

യൂത്ത്ലീഗ് പ്രതിഷേധ സായാഹ്നം

ആലക്കോട്: ഗാന്ധി മുതൽ ഗൗരി വരെ എന്ന പ്രമേയത്തിൽ ഇരിക്കൂർ നിയോജക മണ്ഡലം യൂത്ത്ലീഗ് പ്രതിഷേധ സംഗമം കാർത്തികപുരം ടൗണിൽ നടന്നു. യൂത്ത്ലീഗ് ജില്ലാ വൈസ് പ്രസിഡണ്ട് എൻ.പി.റഷീദ് മാസ്റ്റർ ഉദ്ഘാടനം ചെയ്തു. പ്രസിഡണ്ട് ഖാദർ കൗപ്രം അധ്യക്ഷത വഹിച്ചു. പരിസ്ഥിതി പ്രവർത്തകൻ എ.ആർ.പ്രസാദ് മാസ്റ്റർ മുഖ്യപ്രഭാഷണം നടത്തി. ഹാഷിം സീരകത്ത് ഫാസിസ വിരുദ്ധ കവിത ആലപിച്ചു. വി.എ.റഹീം, എം.എ.ഖലീൽറഹ്മാൻ, ഇ.എം.മുഹമ്മദ്കുഞ്ഞി മുസ്ല്യാർ, വി.വി.അബ്ദുള്ള, ഇ.എം.നാസർ, പി.എ.ഷാഹുൽ ഹമീദ്, ബി.അബ്ദുൾനാസർ, കെ.എച്ച്.അഷ്റഫ്, എൻ.യു.അബ്ദുള്ള, ജാഫർ സാദിഖ്, എ.പി.മർസൂഖ്, കബീർ നുച്യാട്, എം.പി. ഷഹീർ, കെ.ബഷീർ, സുഫൈദ്, ആർ.പി.നാസർ, അജ്മൽ ചുഴലി, ഷമീർ, കെ. കെ.പി.ഹാരിസ് സംസാരിച്ചു.

ഒപ്പുശേഖരണം നടത്തി

കണ്ണൂർ: ആയിരം രൂപ പ്രതിമാസ മെഡിക്കൽ അലവൻസ് കേരളത്തിലെ സർവീസ് പെൻഷൻകാർക്കും അനുവദിക്കുക, ഗവൺമെന്റിന്റെ വിഹിതം കൂട്ടി നൽകി ആരോഗ്യ ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കുക തുടങ്ങിയ ആവശ്യങ്ങളുന്നയിച്ച് മുഖ്യമന്ത്രിക്ക് ഹരജി സമർപ്പിക്കും. ഇതിന്റെ ഭാഗമായുള്ള ജില്ലാതല ഒപ്പുശേഖരണത്തിന്റെ ഉദ്ഘാടനം കെ.എസ്.എസ്.പി.എ സംസ്ഥാന വൈസ് പ്രസിഡണ്ട് എം.പി. വേലായുധൻ നിർവഹിച്ചു. ജില്ലാ പ്രസിഡണ്ട് കെ.രാമകൃഷ്ണൻ, കെ.സുധാകരൻ മാസ്റ്റർ നേതൃത്വം നൽകി.

വിവരാവകാശദിന സംഗമം നടത്തി

കണ്ണൂർ: മനുഷ്യാവകാശ ഐക്യദാർഢ്യ സമിതിയും കക്കാട് പുഴ സംരക്ഷണ സമിതിയും സംയുക്തമായി കാൾടെക്സിൽ അന്താരാഷ്ട്ര വിവരാവകാശ ദിന സംഗമം നടത്തി. കെ.സി.ഉമേഷ്ബാബു ഉദ്ഘാടനം ചെയ്തു. അപ്രിയ സത്യങ്ങൾ തുറന്ന് പറയുന്നവരെ ക്രൂരമായി കൊന്നുതള്ളുന്നത് പതിവായിരിക്കുകയാണെന്ന് അദേഹം പറഞ്ഞു. പള്ളിപ്രം പ്രസന്നൻ അധ്യക്ഷനായി. ദേവദാസ് തളാപ്പ്, വി.വി.പ്രഭാകരൻ, വി.കെ.അസൈനാർ, വിജയൻ തോട്ടട സംസാരിച്ചു.

ഒറ്റത്തൈയിൽ എം.ബേബി അനുസ്മരണ സമ്മേളനം കെ.എം.ജോസഫ് ഉദ്ഘാടനം ചെയ്യുന്നു

കേന്ദ്രസർക്കാർ നയങ്ങൾ രാജ്യത്തിന്റെ തകർച്ചക്ക് വഴിവെക്കുന്നതാണെന്ന്

കണ്ണൂർ: രാജ്യത്തെ അടിസ്ഥാന വർഗത്തെയും പട്ടിണി പാവങ്ങളെയും കയ്യൊഴിഞ്ഞ് കുത്തകകളുടെയും കോർപ്പറേറ്റുകളുടെയും താൽപര്യങ്ങളെ സംരക്ഷിക്കുന്ന കേന്ദ്ര സർക്കാർ നയം രാജ്യത്തിന്റെ തകർച്ചക്ക് വഴിവെക്കുന്നതാണെന്ന് സ്വതന്ത്ര കർഷക സംഘം സംസ്ഥാന സെക്രട്ടേറിയറ്റ് അഭിപ്രായപ്പെട്ടു. പ്രസിഡണ്ട് കുറുക്കോളി മൊയ്തീൻ അധ്യക്ഷത വഹിച്ചു. ജന.സെക്രട്ടറി ടി.പി.മാത്യു സ്വാഗതം പറഞ്ഞു. സംസ്ഥാന ട്രഷറർ എം.എസ്.മുഹമ്മദ്കുഞ്ഞി, ആക്ടിംഗ് ജന. സെക്രട്ടറി സി.ശ്യാംസുന്ദർ, സംസ്ഥാന ഭാരവാഹികളായ മൽവിള സൈനുദ്ദീൻ, പി.പി.മുഹമ്മദ്കുട്ടി, ഇ.അബൂബക്കർ ഹാജി, അഡ്വ.ഖാലിദ് രാജ, കണ്ണൂർ ജില്ലാ ജന. സെക്രട്ടറി പി.പി.മഹമൂദ്, വൈസ് പ്രസിഡണ്ട് അഡ്വ.അഹമ്മദ് മാണിയൂർ പങ്കെടുത്തു.

ഓൾ കേരള ഫോട്ടോഗ്രാഫേഴ്സ് അസോസിയേഷൻ തളിപ്പറമ്പ മേഖല സമ്മേളനം ആന്തൂർ നഗരസഭ ചെയർപേഴ്സൺ പി.കെ. ശ്യാമള ടീച്ചർ ഉദ്ഘാടനം ചെയ്യുന്നു

ധർമ്മശാല-ചെറുകുന്ന് റോഡ് മെക്കാഡം ടാറിംഗ് നടത്തണം

തളിപ്പറമ്പ: ശോചനീയാവസ്ഥയിലായ ധർമ്മശാല-ചെറുകുന്ന് റോഡ് മെക്കാഡം ചെയ്ത് യാത്രായോഗ്യമാക്കണമെന്ന് ആൾ കേരള ഫോട്ടോഗ്രാഫേഴ്സ് അസോസിയേഷൻ തളിപ്പറമ്പ മേഖല സമ്മേളനം ആവശ്യപ്പെട്ടു. പ്രസിഡണ്ട് ശശികുമാർ പട്ടുവത്തിന്റെ അധ്യക്ഷതയിൽ ആന്തൂർ നഗരസഭ ചെയർപേഴ്സൺ പി.കെ.ശ്യാമള ടീച്ചർ ഉദ്ഘാടനം ചെയ്തു. സംസ്ഥാന സെക്രട്ടറി ദിലീഷ്കുമാർ പരിയാരം, ജില്ലാ ട്രഷറർ ഉണ്ണികൃഷ്ണൻ, ശ്രീഗണേഷ്, വത്സൻ അഴീക്കോട്, ഷിബുരാജ്, ഗോപാലൻ അപ്സര, സുരേഷ് പട്ടുവം, രാജേഷ് കരേള, ചന്ദ്രൻ അഖിൽ, ഹരി കീഴാറ്റൂർ സംസാരിച്ചു. ജില്ലാ സെക്രട്ടറി കൃഷ്ണദാസ്, മാധവി സംഘടന റിപ്പോർട്ട് അവതരിപ്പിച്ചു. മേഖല സെക്രട്ടറി രഞ്ജിത്ത് നെല്ലിയോട് സ്വാഗതവും ധർമ്മശാല യൂണിറ്റ് പ്രസിഡണ്ട് രൂപേഷ് നന്ദി പറഞ്ഞു.

ഭാരവാഹികളായി വിനീഷ്കുമാർ (പ്രസിഡണ്ട്), സുമേഷ് മഴൂർ (വൈസ് പ്രസിഡണ്ട്), ഹരി കീഴാറ്റൂർ (സെക്രട്ടറി), ടി.ബിജു (ജോ. സെക്രട്ടറി), രഞ്ജിത്ത് നെല്ലിയോട് (ട്രഷറർ), ചന്ദ്രൻ അഖിൽ (പി. ആർ.ഒ) എന്നിവരെ തിരഞ്ഞെടുത്തു.

യൂത്ത്ലീഗ് ഇരിക്കൂർ മണ്ഡലം പ്രതിഷേധ സംഗമം കാർത്തികപുരത്ത് എൻ.പി.റഷീദ് മാസ്റ്റർ ഉദ്ഘാടനം ചെയ്യുന്നു

തളിപ്പറമ്പ് ലൂർദ്ദിൽ വന്ധ്യതാ നിവാരണ വിഭാഗം പ്രവർത്തനം തുടങ്ങി

തളിപ്പറമ്പ്: തളിപ്പറമ്പ് ലൂർദ്ദ് ആശുപത്രിയിൽ വന്ധ്യതാ നിവാരണ വിഭാഗം പ്രവർത്തനമാരംഭിച്ചു. എടപ്പാൾ സിമാർ ആശുപത്രിയിൽ നിന്നും വന്ധ്യതാ നിവാരണ ചികിത്സയിൽ ഫെലോഷിപ്പോടുകൂടി മികച്ച പ്രാവീണ്യം നേടിയ ഡോ. പ്രതീഷ് രാജേന്ദ്രന്റെ നേതൃത്വത്തിലാണ് അത്യാധുനിക സജ്ജീകരണങ്ങളോടെ വന്ധ്യതാനിവാരണ വിഭാഗം പ്രവർത്തിക്കുന്നതെന്ന് മാനേജ്മെന്റ് അറിയിച്ചു. പുരുഷ-സ്ത്രീ വന്ധ്യതാ നിർണ്ണയം, വന്ധ്യതയ്ക്കുള്ള മെഡിക്കൽ സർജിക്കൽ ചികിത്സാരീതികൾ, ഫോളിക്കുലാർ മോണിറ്ററിംഗ്, സലൈൻ സോണോ സോൽഫിൻ ജോഗ്രഫി, ഐ.യു.ഐ സൗകര്യം, ഐ.വി.എഫ് (ടെസ്റ്റ്യൂബ് ശിശു) പ്രാരംഭ ചികിത്സ, താക്കോൽദ്വാര (കീഹോൾ) സർജറി എന്നിവ പുതിയ വിഭാഗത്തിന്റെ സവിശേഷതകളാണ്.

പ്രസവ-സ്ത്രീരോഗ വിഭാഗത്തിലെ ഡോ.ജോജോ ജോർജിന്റെ സേവനം തുടർന്നും ആശുപത്രിയിൽ ലഭ്യമാണ്. വിവിധ മെഡിക്കൽ ഇൻഷ്വറൻസ് കമ്പനികളുടെ കാഷ്ലെസ് ഫെസിലിറ്റിയും ഇവിടെ ലഭിക്കുമെന്ന് മാനേജ്മെന്റ് അറിയിച്ചു. ഫോൺ: 9497848975, 04602301160, 2301100, 2301110.

കരുവഞ്ചാൽ ശ്രേയസ് സംഘടിപ്പിച്ച ഗാന്ധിജയന്തി ദിനാഘോഷം ബത്തേരി രൂപത ബിഷപ്പ് ഡോ.ജോസഫ് മാർ തോമസ് ഉദ്ഘാടനം ചെയ്യുന്നു

സാധാരണക്കാർ നേരിടുന്ന ദുരിതം പരിഹരിക്കാൻ കേന്ദ്ര സർക്കാർ ഇടപെടണമെന്ന് ബത്തേരി ബിഷപ്പ്

ആലക്കോട്: ജി.എസ്.ടി. യുടെ പേരിൽ സാധാരണക്കാരായ ജനങ്ങൾ നേരിടുന്ന വിലക്കയറ്റമുൾപ്പെടെയുള്ള അതീവ രൂക്ഷമായ ദുരിതങ്ങൾ പരിഹരിക്കുന്നതിന് കേന്ദ്ര സർക്കാർ ഇടപെടണമെന്ന് ബത്തേരി രൂപത ബിഷപ്പ് ഡോ.ജോസഫ് മാർ തോമസ് ആവശ്യപ്പെട്ടു. ശ്രേയസ് കരുവഞ്ചാൽ യൂണിറ്റ് സംഘടിപ്പിച്ച ഗാന്ധിജയന്തി ദിനാഘോഷവും അവാർഡ്ദാനവും ഉദ്ഘാടനം ചെയ്യുകയായിരുന്നു അദേഹം. ഗാന്ധിജിയെ മറക്കുന്ന ഭരണാധികാരികളാണ് ഇന്ത്യ നേരിടുന്ന പ്രധാന വെല്ലുവിളിയെന്ന് അദേഹം ചൂണ്ടിക്കാട്ടി. വിവിധ അവാർഡുകൾ പഞ്ചായത്ത് പ്രസിഡണ്ടുമാരായ മോളി മാനുവൽ, ബിന്ദുബാലൻ, ജില്ലാ പഞ്ചായത്ത് മെമ്പർ ജോയി കൊന്നയ്ക്കൽ, ഫാ. ജേക്കബ് ചുണ്ടക്കാട്ട്, റിപ്പോർട്ടർ ചാനൽ അവതാരകൻ അഭിലാഷ് മോഹനൻ എന്നിവർ നിർവഹിച്ചു. ഫാ. അഡ്വ.ബെന്നി ഇടയത്ത്, ഷൈനി വട്ടയ്ക്കാട്ട്, വി.എ.റഹിം, ടി.ജി.വിക്രമൻ, ഫാ. മാത്യു പാലമറ്റം, അഡ്വ.ഡെന്നി മണ്ണൂർ പ്രസംഗിച്ചു. ഫാ. റെനി മുട്ടമ്പള്ളി കുഴിയിൽ അധ്യക്ഷത വഹിച്ചു. സാജൻ വർഗീസ് സ്വാഗതവും ബാബു വെള്ളാന്തടം നന്ദിയും പറഞ്ഞു.

എൻ.ബി.എസ് പുസ്തകോത്സവം തുടങ്ങി

തളിപ്പറമ്പ: സാഹിത്യ പ്രവർത്തക സഹകരണ സംഘത്തിന്റെ വിൽപ്പന വിഭാഗമായ നാഷണൽ ബുക്ക്സ്റ്റാൾ കണ്ണൂർ ശാഖയുടെ പുസ്തകോത്സവത്തിന് തളിപ്പറമ്പ ടൗൺ സ്ക്വയറിൽ തുടക്കമായി. ലൈബ്രറി കൗൺസിൽ തളിപ്പറമ്പ താലൂക്ക് സെക്രട്ടറി ടി.പി. കുഞ്ഞിക്കണ്ണൻ മാസ്റ്റർ ഉദ്ഘാടനം ചെയ്തു. നോവൽ, കഥ, നിരൂപണങ്ങൾ, റഫറൻസ്, ഇംഗ്ലീഷ് ക്ലാസിക്കുകൾ, വിജ്ഞാന പുസ്തകങ്ങൾ, ബാലസാഹിത്യ കൃതികൾ, ഇംഗ്ലീഷ്-മലയാളം നിഘണ്ടു, മലയാളം-തുളു നിഘണ്ടു, അമർ കാവ്യം ഐതിഹ്യമാല യടക്കമുള്ള ആയിരത്തോളം ഗ്രന്ഥങ്ങൾ പുസ്തകോത്സവത്തിൽ ലഭ്യമാണ്. ചാർലി ചാപ്ലിൻ, മർലിൻ മൺറോ തുടങ്ങി സിനിമാ ഇതിഹാസങ്ങളുടെ ആത്മകഥ, കാൾമാർക്സിന്റെ ദസ് കാപിറ്റൽ, ലിയോ ടോൾസ്റ്റോയിയുടെ യുദ്ധവും സമാധാനവും, കാർട്ടൂണിസ്റ്റ് ടോംസിന്റെ എന്റെ ബോബനും മോളിയും തുടങ്ങിയ കൃതികൾ വായനക്കാരെ ആകർഷിക്കും.

കുട്ടികളും മുതിർന്നവരുമായ വായനക്കാരെ ആകർഷിക്കാനായി കുറ്റാന്വേഷണ കൃതികളായ രണ്ടാംവരവ്, സീക്രട്ട്കോഡ്, ചുവന്ന സൂര്യൻ കൂടാതെ ഈസോപ്പ് കഥകളും മേളയിലുണ്ട്. ആഗോള പുസ്തക വിപണിയിൽ വൻ ചലനങ്ങൾ സൃഷ്ടിച്ച ചേതൻ ഭഗതിന്റെ ഹാഫ് ഗേൾഫ്രണ്ട്, മാർക്ടയ്നിന്റെ ടോം സോയർ, യുവാക്കളുടെ ഹരമായ ചെഗുവേരയുടെ ദി ബോളീവിയൻ ഡയറി, ദി മോട്ടോർ സൈക്കിൾ ഡയറീസ്, ഇന്ത്യൻ സിനിമാചരിത്രത്തിലെ എക്കാലത്തെയും പണം വാരിച്ചിത്രമായ ബാഹുബലി, റെയ്സസ് ഓഫ് ശിവകാമി എന്നീ കൃതികളും ഇതിഹാസ എഴുത്തുകാരൻ ഗബ്രിയേൽ ഗാർഷ്യ മാർക്കേസിന്റെ കൃതികളും മേളയിൽ ഒരുക്കിയിട്ടുണ്ട്. വള്ളത്തോൾ വിദ്യാപീഠം, മലയാള മനോരമ, മാതൃഭൂമി, ഗുരുകുലം, കറന്റ് ബുക്സ്, മറ്റ് ചെറുകിട പ്രസാധകരുടെ പുസ്തകങ്ങളും ഡിസ്കൗണ്ടിൽ ലഭിക്കും. കാൾമാർക്സിന്റെ ദസ് കാപിറ്റിലിന്റെ 150-ാം വാർഷികം പ്രമാണിച്ച് 2880 രൂപ വിലയുള്ള മലയാളം പതിപ്പ് 'മൂലധനം' 1440 രൂപയ്ക്ക് മേളയിൽ ലഭിക്കും. മേള 13ന് അവസാനിക്കും.

കരുവഞ്ചാൽ ടൗൺ ശുചീകരിച്ചു

കരുവഞ്ചാൽ: കേരള വ്യാപാരി വ്യവസായി ഏകോപന സമിതി കരുവഞ്ചാൽ യൂണിറ്റ് ആഭിമുഖ്യത്തിൽ കരുവഞ്ചാൽ ടൗൺ ശുചീകരിച്ചു. പ്രസിഡണ്ട് ജയിംസ് പുത്തൻപുര ഉദ്ഘാടനം ചെയ്തു. ടോമി ജോസഫ്, സി.കെ.അബ്ദു, ടോമി കാരിക്കാട്ടിൽ, അരുൺലാൽ, റഷീദ് നേതൃത്വം നൽകി. യൂത്ത്വിംഗ് പ്രവർത്തകരും പങ്കാളികളായി.

വികസന സംവാദം സംഘടിപ്പിച്ചു

നടുവിൽ: കേരള ശാസ്ത്ര സാഹിത്യ പരിഷത്തിന്റെ സഹകരണത്തോടെ കേരളത്തെ ജനപക്ഷ വികസനപാതയിൽ എത്തിക്കുക എന്ന ഉദ്ദേശ്യത്തോടെ സംഘടിപ്പിക്കുന്ന ജനസംവാദ സദസ് സെൻട്രൽ ലൈബ്രറിയിൽ നടന്നു. കെ.എസ്.എസ്.പി തളിപ്പറമ്പ് മേഖലാ പ്രസിഡണ്ട് പ്രൊഫ. എൻ.കെ.ഗോവിന്ദൻ സംവാദം ഉദ്ഘാടനം ചെയ്തു. ലൈബ്രറി പ്രസിഡണ്ട് കെ.പി. ഫൽഗുനൻ അധ്യക്ഷത വഹിച്ചു. കെ.എസ്.എസ്.പി മേഖലാ കമ്മിറ്റിയംഗം വി.മുകുന്ദൻ മാസ്റ്റർ വിഷയാവതരണം നടത്തി. കെ.ആർ.ആർ.വർമ്മ, കെ.വി.മാധവൻ, എ.വി.സുകുമാരൻ, അജയകുമാർ, ടി.രാമകൃഷ്ണൻ മാസ്റ്റർ, പി.വി.രാഘവൻ സംസാരിച്ചു. ആഷിക് ഷാജി സ്വാഗതവും കെ.വി.ഹരിദാസ് നന്ദിയും രേഖപ്പെടുത്തി.

തളിപ്പറമ്പ ടൗൺസ്ക്വയറിലെ എൻ.ബി.എസ്. പുസ്തകമേളയിൽ നിന്ന്

താവക്കരയിൽ നിന്നുള്ള തകർന്ന റോഡ് ബഹിഷ്കരിക്കുമെന്ന് ബസുടമകൾ

കണ്ണൂർ: ആശിർവാദ് ഹോസ്പിറ്റൽ മുതൽ പോലീസ് ക്ലബ് വരെയുള്ള വൺവേ റോഡ് പൊട്ടിപ്പൊളിഞ്ഞ് ഗതാഗതയോഗ്യമല്ലാതായ പശ്ചാത്തലത്തിൽ ഈ റൂട്ടിൽ സർവീസ് നിർത്തിവെയ്ക്കാൻ ബസുടമകൾ തീരുമാനിച്ചു. താൽക്കാലിക അറ്റകുറ്റപ്പണി ഉടൻ ചെയ്യുന്നില്ലെങ്കിൽ 13 മുതൽ ഈ റോഡ് ബഹിഷ്കരിക്കാൻ ജില്ലാ ബസ് ഉടമസ്ഥ സംഘം കോ-ഓഡിനേഷൻ കമ്മിറ്റി യോഗമാണ് തീരുമാനിച്ചത്. യോഗത്തിൽ വൈസ് ചെയർമാൻ രാജ്കുമാർ കരുവാത്ത് അധ്യക്ഷത വഹിച്ചു. എം.വി.വത്സലൻ, കെ.വിജയൻ, കെ.ഗംഗാധരൻ പ്രസംഗിച്ചു.

തളിപ്പറമ്പ-പരശിനിക്കടവ് മേഖലയിലെ കേബിൾ ഓപ്പറേറ്റർമാർ നടത്തിയ മാർച്ച്

കേബിൾ ഓപ്പറേറ്റർമാർ പ്രതിഷേധ പ്രകടനം നടത്തി

തളിപ്പറമ്പ: സ്റ്റാർ ഗ്രൂപ്പിന്റെ പകൽ കൊള്ളക്കെതിരെ കേബിൾ ഓപ്പറേറ്റേഴ്സ് അസോസിയേഷൻ തളിപ്പറമ്പ-പരശിനിക്കടവ് മേഖലയിലെ ഓപ്പറേറ്റർമാർ സംയുക്തമായി മാർച്ച് നടത്തി. പൂക്കോത്തൻ കടയിൽ നിന്നാരംഭിച്ച മാർച്ച് നഗരം ചുറ്റി നബ്രാസ് ജംഗ്ഷനിൽ അവസാനിക്കുകയും മർഡോക്കിന്റെ കോലം കത്തിച്ച് പ്രതിഷേധിക്കുകയും ചെയ്തു. ജില്ലാ സെക്രട്ടറി പി.ശശികുമാർ, കെ.വൈജു, പി.പ്രശാന്ത്, വിൽസൺ മാത്യു, കെ.എം.അജയകുമാർ, പി. സുരേഷ് നേതൃത്വം നൽകി.

ജനസേവന കേന്ദ്രം ഉദ്ഘാടനം ചെയ്തു

കരുവഞ്ചാൽ: കരുവഞ്ചാൽ പ്ലാസ ഹോട്ടലിന് സമീപം ജനസേവന കേന്ദ്രം പഞ്ചായത്ത് പ്രസിഡണ്ട് ബിന്ദു ബാലൻ ഉദ്ഘാടനം ചെയ്തു. ഫാ.മാത്യു പാലമറ്റം, വി.എ.റഹിം, ഷൈനി വട്ടയ്ക്കാട്ട്, ടി.ജി.വിക്രമൻ, വി.എ.അപ്പച്ചൻ, ജയിംസ് പുത്തൻപുര, സോജു സെബാസ്റ്റ്യൻ പ്രസംഗിച്ചു. ഷൈൻ സ്വാഗതം പറഞ്ഞു. ജി.എസ്.ടി, പാസ്പോർട്ട്, പാൻകാർഡ്, വില്ലേജ് സർട്ടിഫിക്കറ്റുകൾ തുടങ്ങി 300ൽപരം സേവനങ്ങൾ ലഭ്യമാണ്.

കരുവഞ്ചാലിൽ ജനസേവന കേന്ദ്രം പഞ്ചായത്ത് പ്രസിഡണ്ട് ബിന്ദു ബാലൻ ഉദ്ഘാടനം ചെയ്യുന്നു

മീസിൽസ്-റൂബല്ല വാക്സിനേഷൻ തളിപ്പറമ്പ നഗരസഭതല ഉദ്ഘാടനം

തളിപ്പറമ്പ: സംസ്ഥാനത്തൊട്ടാകെ നടപ്പിൽ വരുത്തുന്ന മീസിൽസ്-റൂബല്ലാ വാക്സിനേഷൻ പദ്ധതിയുടെ നഗരസഭാതല ഉദ്ഘാടനം കുറ്റിക്കോൽ സൗത്ത് എ.എൽ.പി സ്കൂളിൽ നഗരസഭാ ചെയർമാൻ അള്ളാംകുളം മഹമ്മൂദ് നിർവഹിച്ചു. ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ ബി.ഉമ്മർ അധ്യക്ഷത വഹിച്ചു. പി.എച്ച്.സി ഏഴോം മെഡിക്കൽ ഓഫീസർ ഡോ. മിനി ശ്രീധരൻ പരിപാടി വിശദീകരിച്ചു. കൗൺസിലർമാരായ ഒ.കെ.പ്രീത, നിമിഷ, പി.ടി.എ പ്രസിഡണ്ട് എം.ഗണേശൻ ആശംസ നേർന്നു. ഹെഡ്മാസ്റ്റർ പി.രഞ്ചിത്ത്കുമാർ സ്വാഗതവും ജെ.എച്ച്.ഐ ശ്രീനിവാസൻ നന്ദിയും പറഞ്ഞു.

കെ.വി.വി.ഇ.എസ് കരുവഞ്ചാൽ ടൗൺ ശുചീകരണം ജയിംസ് പുത്തൻപുര ഉദ്ഘാടനം ചെയ്യുന്നു

ബൈത്തുറഹ്മ കട്ടിളവെച്ചു

ആലക്കോട്: നിടുവോട് ശാഖാ മുസ്ലിംലീഗ് കമ്മിറ്റിയും ജി.സി.സി. കെ.എം.സി.സിയും സംയുക്തമായി നിർമ്മിക്കുന്ന ബൈത്തുറഹ്മയുടെ കട്ടിളവെക്കൽ കർമ്മം ജിദ്ദ കെ.എം.സി.സി കണ്ണൂർ ജില്ലാ സെക്രട്ടറി ഉമ്മർ അരിപ്പാമ്പ്ര നിർവഹിച്ചു. ഒ.എം.ഇബ്രാഹിം നിടുവോട്, വി.വി.അബ്ദുള്ള, കെ.എച്ച്.അശ്രഫ്, എം.എ.ഖലീൽറഹ്മാൻ, പി.കെ.ഹംസ, ടി.ഐ ഫത്താഹ്, പി.കെ.ഹനീഫ, ഉസ്മാൻ മൗലവി സംബന്ധിച്ചു.

നിടുവോട് ബൈത്തുറഹ്മ കട്ടിളവെക്കൽ കർമ്മം ഉമ്മർ അരിപ്പാമ്പ്ര നിർവഹിക്കുന്നു

ക്രിക്കറ്റ് ടൂർണ്ണമെന്റ്

കരിങ്കയം: നവചേതന ബാലവേദി, കട്ടയാൽ നവചേതന ബാലവേദി എന്നിവ സോഫ്റ്റ് ബോൾ സെവൻസ് ക്രിക്കറ്റ് ടൂർണ്ണമെന്റ് സംഘടിപ്പിച്ചു. താലൂക്ക് ലൈബ്രറി കൗൺസിലംഗം കെ.രാമചന്ദ്രൻ ഉദ്ഘാടനം ചെയ്തു. അശ്വിൻ രമേശ് അധ്യക്ഷനായി. വിജയികൾക്ക് പി.കെ.സുരേഷ് ക്യാഷ് അവാർഡ് നൽകി. പി.ജെ.ആനന്ദ്, പി.എസ്.ശ്രീനന്ദ്, പി.കെ.വിഷ്ണു, എം.ജി.ജിതേഷ് എന്നിവർ നേതൃത്വം നൽകി. സി.വി.സന്ദീപ് സ്വാഗതവും എ.പി.അമൽ നന്ദിയും പറഞ്ഞു.

നോട്ടീസ്

2000 വർഷത്തെ 459305 രജിസ്റ്റർ നമ്പറിലുള്ള എന്റെ എസ്.എസ്.എൽ.സി സർട്ടിഫിക്കറ്റും 2001 വർഷത്തെ 444477 രജിസ്റ്റർ നമ്പറിലുള്ള മാർക്ക്ലിസ്റ്റും വീണ്ടെടുക്കാൻ പറ്റാത്തവിധത്തിൽ കൈമോശം വന്ന വിവരം ഇതിനാൽ അറിയിക്കുന്നു. പ്രസ്തുത ബുക്കിന്റെ ഡ്യൂപ്ലിക്കേറ്റ് പകർപ്പിനായി പരീക്ഷാ കമീഷണറുടെ സെക്രട്ടറി മുമ്പാകെ നിയമാനുസൃതമുള്ള അപേക്ഷ നൽകുന്നതിന് തീരുമാനിച്ചിരിക്കുന്നു. ഇതിൻമേൽ ആക്ഷേപമുള്ളവർ ഈ പരസ്യം വന്ന് 15 ദിവസത്തിനകം സെക്രട്ടറി, ബോർഡ് ഓഫ് എക്സാമിനേഷൻസ്, പരീക്ഷാഭവൻ, പൂജപ്പുര, തിരുവനന്തപുരം എന്ന വിലാസത്തിൽ രേഖാമൂലം പരാതി നൽകേണ്ടതാണ്.

മിഥുൻ ഭായി മെടക്കുടിയൻ
S/o. ഫ്രാൻസിസ് മെടക്കുടിയൻ
പുതിയവളപ്പിൽ, പി.ഒ. മാടായി

ജ്യൂസ് മേക്കറെ ആവശ്യമുണ്ട്

കണ്ണൂർ, പയ്യന്നൂർ എന്നിവിടങ്ങളിലേക്ക് ജ്യൂസ് മേക്കറെ ആവശ്യമുണ്ട്.

7511188191

AIRWAYS HOLYDAYS

തളിപ്പറമ്പിൽ നിന്നും ഏർവാടി മുത്തുപേട്ട, നാഗൂർ എല്ലാ വെള്ളിയാഴ്ചയും പുറപ്പെടുന്നു

8075 311 312

ആവശ്യമുണ്ട്

തളിപ്പറമ്പിലെ ഒരു സ്ഥാപനത്തിലേക്ക് ഗ്രാഫിക് ഡിസൈനറെ ആവശ്യമുണ്ട്. എക്സ്പീരിയൻസ് ഉള്ളവർക്ക് മുൻഗണന.

9656209995
9562209995